OFFICE OF THE DIRECTOR OF SCHEDULED TRIBES DEV. DEPT. TRIVANDRUM
Date 9/8/16

C3/15340

233

# കേരള സർക്കാർ

സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പ് - പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള ലാപ് ടോപ് വിതരണം - 12 കോഴ്സുകൾ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.1072/2016/പജപവവിവ.** **തിരുവനന്തപുരം, തീയതി, 06/08/2016.**

---

പരാമർശം - പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടറുടെ 22/06/2016-ലെ സി3-6023/16 നമ്പർ കത്ത്.

## ഉത്തരവ്

പട്ടികവർഗ്ഗ വികസന വകുപ്പ് 2011-12 സാമ്പത്തിക വർഷം മുതൽ തെരഞ്ഞെടുത്ത പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് തങ്ങളുടെ കോഴ്സിന്റെ രണ്ടാം വർഷം പഠന സൗകര്യാർത്ഥം ലാപ് ടോപ്പുകൾ സൗജന്യമായി നല്കി വരുന്നുണ്ടെന്നും 2015-16 സാമ്പത്തിക വർഷം സംസ്ഥാനത്തൊട്ടാകെ 15 പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന 240 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണം നടത്തിയിട്ടുണ്ടെന്നും 2015-16 വർഷം പദ്ധതി പ്രൊപ്പോസൽ പരിഗണിച്ച സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് ഉന്നതതലയോഗം ലാപ് ടോപ് വിതരണ പദ്ധതിയ്ക്കായി തെരഞ്ഞെടുക്കുന്ന കോഴ്സുകൾ സർക്കാർ അംഗീകരിച്ച് ഉത്തരവാകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെന്നും ആയതിനാൽ 2016-17 വർഷം താഴെ പറയുന്ന 12 കോഴ്സുകളെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവാകണമെന്ന് പരാമർശകത്ത് പ്രകാരം പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടർ അപേക്ഷിച്ചിട്ടുണ്ട്

1. എം.ബി.ബി.എസ്.
2. ബി.ഡി.എസ്.
3. ബി.എ.എം.എസ്.
4. ബി.എച്ച്.എം.എസ്.
5. ബി.വി.എസ്.സി. & എ. എച്ച്.
6. ബി. ടെക്/ബി.ആർക്ക്.
7. എം. ടെക്
8. എം.ബി.എ.
9. ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ്
10. എം.എസ്.സി. കമ്പ്യൂട്ടർ സയൻസ്
11. പി. എച്ച്.ഡി
12. എം.സി.എ

235

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2016-17 വർഷം മുതൽ മേൽപ്പറഞ്ഞ 12 കോഴ്സുകളെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ലാപ് ടോപ് വിതരണ പദ്ധതിയിൽ ഉൾപ്പടുത്തി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

എൻ. നന്ദകുമാർ,
ഗവ. ജോയിന്റ് സെക്രട്ടറി.

ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (സോഷ്യൽ & ജനറൽ സെക്ടർ), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എക്കണോമിക് & റവന്യൂ സെക്ടർ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
ചീഫ്, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി. ആർ.ഡി, ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.